വികലാംഗ പെൻഷൻ

19. [2277] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1990-91-ൽ അപേക്ഷിച്ചവരിൽ വികലാംഗ പെൻഷന് അർഹതയുള്ളവരുടെ അപേക്ഷ കെട്ടിക്കിടപ്പുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇല്ല.

അഗതിപെൻഷൻ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം

20. [2278] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നൽകിവരുന്ന അഗതി പെൻഷൻ എത്ര ;

(ബി) അഗതി പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ഡി) സംസ്ഥാനത്ത് അഗതി പെൻഷൻ വർദ്ധിപ്പിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 55 രൂപ

(ബി, സി, ഡി) 1991–92 സാമ്പത്തിക വർഷം മുതൽ അഗതി പെൻഷൻ 65 രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

മിശ്രവിവാഹിതർക്ക് സാമ്പത്തിക സഹായം

21. [2279] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-91-ൽ എത്ര മിശ്ര വിവാഹിതർക്ക് സാമ്പത്തിക സഹായം അനുവദിച്ചു ;

(ബി) ഡോക്ടർ അംബേദ്ക്കർ ജൻമശതാബ്ദി ആഘോഷിക്കുന്ന ഈ വർഷം സാമ്പത്തിക സഹായത്തിന് അർഹരായ എല്ലാ മിശ്രവിവാഹിതർക്കും ഗ്രാൻറ് അനുവദിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1990-91-ൽ സാമൂഹ്യക്ഷേമ വകുപ്പിൽനിന്ന് പട്ടികജാതി/പട്ടിക വർഗ്ഗക്കാരല്ലാത്ത 250 മിശ്രവിവാഹിതർക്ക് ധനസഹായം നൽകുകയുണ്ടായി. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 697 മിശ്രവിവാഹിതർക്ക് ധനസഹായം നൽകുകയുണ്ടായി.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly